റൂളിംഗ്

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ സഭയിൽ വെയ്ക്കുവാൻ അനുവാദം ചോദിച്ച രേഖ അത് നിയമസഭയിൽ വന്ന ഒരു ചോദ്യത്തിന് നൽകിയ മറുപടിയാണ്. അതിനർത്ഥം അത് പബ്ലിക്ക് ഡോക്യുമെന്റാണ്. അതിനാൽ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട കാര്യമില്ല. അതിനുള്ള അനുവാദവുമില്ല. മന്ത്രി നൽകിയ ഉത്തരത്തിൽ ഏതെങ്കിലും വൈരുദ്ധ്യമോ തെറ്റോ ഉണ്ടെങ്കിൽ നിയമസഭാ നടപടി ചട്ടം ഡയറക്ഷൻ നം.1 പ്രകാരം ശ്രീ. എ. കെ. ബാലന് മന്ത്രിക്ക് കത്ത് കൊടുക്കാവുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, മിനിസ്റ്റർ തന്നെ ഇത് മേശപ്പുറത്തു വയ്ക്കാൻ പറഞ്ഞിട്ടുള്ളതാണ്.

മി. സ്പീക്കർ: ടേബിൾ ചെയ്യാൻ പറയേണ്ടത് മിനിസ്റ്ററല്ല. പബ്ലിക് ഡോക്യുമെന്റ് എന്നാണ് അദ്ദേഹം പറഞ്ഞത്. ഇക്കാര്യത്തിൽ തർക്കത്തിന്റെ ആവശ്യമില്ല.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗ് ഇപ്പോഴുണ്ട്. അഥവാ എന്തെങ്കിലും ഉത്തരങ്ങളിൽ പിഴവ് വരുന്ന പക്ഷം അത് ചെയ്യാവുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ച 18.06.2014-ലെ ചോദ്യം നം. 2565-ൽ അദ്ദേഹം പരാമർശിച്ച ഒരു കാര്യവും ഇതിനകത്തില്ലായെന്ന് മാത്രമല്ല, ഗവൺമെന്റ് വളരെ വ്യക്തമായ മറുപടിയാണ് ഇതിനകത്ത് കൊടുത്തിട്ടുള്ളത്. ഏത് സാഹചര്യത്തിലാണ് അത് പറഞ്ഞതെന്ന് എനിക്കറിയില്ല.

ശ്രീ. എ. കെ. ബാലൻ: സഭയുടെ മുമ്പാകെ അവതരിപ്പിക്കാനുള്ള അനുവാദം എനിക്കും നൽകണം. ഇവിടെ സഭയെ മിസ്‌ലീഡ് ചെയ്യുകയാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇതിനകത്ത് ഒരു ക്ലാരിറ്റി വരണമെന്നുള്ളതുകൊണ്ട് ചെയർ അനുവദിക്കുന്ന പക്ഷം ഗവൺമെന്റ് ചോദ്യത്തിന് നൽകുന്ന ഉത്തരം വായിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഞാൻ കൃത്യമായി പറഞ്ഞതാണ് എന്തെങ്കിലും അദ്ദേഹത്തിന് പറയാനുണ്ടെങ്കിൽ എഴുതി തരണമെന്ന്. അതിന്റെ പേരിൽ ചർച്ച ചെയ്യേണ്ട കാര്യമെന്താണ്. ഇവിടെ എഴുതി തന്ന ഉത്തരത്തിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അംഗം എഴുതി തരുകയാണെങ്കിൽ തീർച്ചയായും പരിശോധിക്കാം. അല്ലാതെ പേപ്പർ മേശപ്പുറത്ത് വച്ചിട്ട് കാര്യമില്ല.